ചെയ്ത സംഭവത്തെ സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തുകയോ അതിനുത്തരവാദികളായ പോലീസുദ്യോഗസ്ഥൻമാർക്കെതിരായി എന്തെങ്കിലും നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഈ പറഞ്ഞ കാര്യങ്ങളെപ്പറ്റിയെല്ലാം സമഗ്രമായ ഒരു അന്വേഷണം നടത്താൻ ഒരു കമ്മീഷനെ വച്ചുകഴിഞ്ഞിരിക്കുന്ന പശ്ചാത്തലത്തിൽ അതേസംബന്ധിച്ച് സഭയിൽ ഒരു ചർച്ച നടത്തുന്നത് ഉചിതമായിരിക്കുകയില്ല.

വിദ്യാർത്ഥി സമരത്തോടനുബന്ധിച്ചു നടന്ന ലാത്തിച്ചാർജുകൾ

*6 [9] ശ്രീ. വി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ:

വിദ്യാർത്ഥി സമരത്തോടനുബന്ധിച്ച് ഈ സ്ക്കൂൾവർഷത്തിൽ എത്ര ലാത്തിച്ചാർജുകൾ നടന്നിട്ടുണ്ടെന്നു വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ): ഈ സ്ക്കൂൾ വർഷത്തിൽ വിദ്യാർത്ഥി സമരങ്ങളോടനുബന്ധിച്ച് പോലീസ് ലാത്തിച്ചാർജുകളൊന്നും നടത്തിയിട്ടില്ല.

ശ്രീ. വി. ജെ. ജോസഫ്: വിദ്യാർത്ഥി സമരത്തോടനുബന്ധിച്ച് പോലീസ് ലാത്തിച്ചാർജൊന്നും നടത്തിയിട്ടില്ലെന്നു ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ, പോലീസുദ്യോഗസ്ഥൻമാരുടെ മൂക്കിനുതാഴെ വിദ്യാർത്ഥി സമരത്തോടനുബന്ധിച്ച് നടന്ന പ്രകടനത്തിനുനേരെ കുറെ ആളുകൾ ലാത്തിച്ചാർജു നടത്തുകയും അതിന്റെ ഫലമായി കുറേപേർക്ക് പരിക്കേൽക്കുകയും മറ്റും ചെയ്ത വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അതിന്റെ ഫലമായി സെക്രട്ടേറിയറ്റു നടയിൽ സത്യാഗ്രഹം നടത്തിക്കൊണ്ടിരുന്ന ഒരു ബഹുമാനപ്പെട്ട മന്ത്രിയുടെ പുത്രൻതന്നെ എഴുന്നേറ്റ് ഓടേണ്ടിവന്ന ദുഃസ്ഥിതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഇവിടെ പോലീസ് ലാത്തിച്ചാർജിനെപ്പറ്റിയാണു ചോദ്യം. മറ്റു ചില സംഭവങ്ങൾ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ നടന്നിട്ടുണ്ട്. അത് ബഹുമാനപ്പെട്ട മെമ്പർ വിവരിച്ചതുപോലെയാണോ എല്ലാം നടന്നിട്ടുള്ളതെന്നതിനെ സംബന്ധിച്ച് വിശദാംശങ്ങൾ എനിക്ക് അറിയുകയില്ല.

ശ്രീ. പി. സി. ജോസഫ്: വിദ്യാർത്ഥി സമരത്തോടനുബന്ധിച്ച് പോലീസിനെ ഇടപെടുത്തുമ്പോൾ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ തലവൻമാരുടെ അപേക്ഷപ്രകാരമല്ലാതെ പോലീസ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ളിൽ പ്രവേശിക്കരുതെന്ന കഴിഞ്ഞകാല ഗവൺമെന്റിന്റെ നയം തന്നെയാണോ ഈ ഗവൺമെന്റിന്റേയും നയം എന്നുള്ളത് വ്യക്തമാക്കാമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ; അതുതന്നെയാണ് ഗവൺമെന്റിന്റെ നയം.

LIBRARY ARCHIVES Kerala Legislative Assembly